# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 22.09.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. സ്വതന്ത്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക്കിന് വേണ്ടി പ്രതിജ്ഞാബദ്ധമാണ് ക്വാഡെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says the Quad is committed to a free and inclusive Indo-Pacific.**

2. 2027 ഓടെ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറാനുള്ള യാത്രയിലാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

   **Union Minister Piyush Goyal said that India is on its way to become the third largest economic power in the world by 2027.**

3. യുവാക്കൾക്കിടയിൽ പുകയില ഉപയോഗം തടയാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി കേന്ദ്രം.

   **Center directs states and Union Territories to curb tobacco use among youth.**

4. കേന്ദ്ര സർക്കാരിൻറെ **e Market** പോർട്ടലായ **GeM** ൽ വില്പനക്കാർക്കും സേവന ദാതാക്കൾക്കും ഏർപ്പെടുത്തിയിരുന്ന ട്രാൻസാക്ഷൻ ഫീയിൽ ഇളവ് വരുത്തി.

   **The transaction fee imposed on sellers and service providers on GeM, the central government's e-market portal, has been relaxed.**

5. ഡൽഹി മുഖ്യമന്ത്രിയായി എഎപി നേതാവ് അതിഷി ചുമതലയേറ്റു. അഞ്ച് ക്യാബിനറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു.

**AAP leader Atishi took charge as the Chief Minister of Delhi. All five cabinet ministers were sworn in.**

6. ഇന്ത്യക്കെതിരെ ചെന്നൈയിൽ നടക്കുന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ബംഗ്ലാദേശിന് 515 റൺസ് വിജയലക്ഷ്യം.

**Bangladesh set a target of 515 runs in the first cricket test against India in Chennai.**

*******************************************

**HEADLINE-1**

## PM-BIDEN MEETING-QUAD (INTRO)

സ്വതന്ത്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സമൃദ്ധവുമായ ഇന്തോ-പസഫിക്കിന് വേണ്ടി പ്രതിജ്ഞാബദ്ധമാണ് ക്വാഡ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുഎസിലെ ഡെലവെയറിൽ നടന്ന ക്വാഡ് ലീഡേഴ്സ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളിലേക്ക്....**

**(ഹോൾഡ് പി.എം. വോയിസ്)**

*2025-ൽ ഇന്ത്യയിൽ ക്വാഡ് ലീഡേഴ്സ് ഉച്ചകോടി സംഘടിപ്പിക്കുന്നതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. ക്വാഡ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് മുമ്പ്, പ്രധാനമന്ത്രി മോദി ഇന്നലെ രാത്രി യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി അദ്ദേഹത്തിന്റെ ജന്മനാടായ ഡെലാവെയറിലെ വിൽമിംഗ്ടണിൽ ഉഭയകക്ഷി ചർച്ച നടത്തി. ചർച്ചകൾ അങ്ങേയറ്റം ഫലപ്രദമായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ഇന്ത്യയുമായുള്ള അമേരിക്കയുടെ പങ്കാളിത്തം ചരിത്രത്തിലെ ഏത് സമയത്തേക്കാളും ശക്തവും*

*പരിവർത്തനാത്മകവുമാണെന്ന് പ്രസിഡൻറ് ബൈഡനും സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രി മോദി ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. യുഎസ് ആസ്ഥാനമായുള്ള പ്രമുഖ കമ്പനികളുടെ സിഇഒമാരുമായും മോദി സംവദിക്കും. നാളെ ന്യൂയോർക്കിൽ നടക്കുന്ന ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയിൽ, പ്രധാനമന്ത്രി 'ഭാവിയുടെ ഉച്ചകോടി'യെ അഭിസംബോധന ചെയ്യും. ഉച്ചകോടിക്കിടെ, നിരവധി ലോക നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ന്യൂസ് ഡെസ്ക് ആകാശവാണി....*

****************************************

## QUAD SUMMIT OUTCOMES

ക്വാഡ് "ആഗോള നന്മയ്ക്കുള്ള ഒരു ശക്തിയായി" തുടരുമെന്ന് ആവർത്തിച്ച് ക്വാഡ് നേതാക്കൾ. ഇൻഡോ-പസഫിക് മേഖലയുടെയും ആഗോള സമൂഹത്തിന്റെയും വികസന മുൻഗണനകളെ അഭിസംബോധന ചെയ്യുന്നതിനായി നിരവധി പദ്ധതികൾ ക്വാഡിൽ പ്രഖ്യാപിച്ചു. ഇൻഡോ-പസഫിക് മേഖലയിൽ സെർവിക്കൽ ക്യാൻസറിനെ ചെറുക്കുന്നതിനായുള്ള "ക്വാഡ് ക്യാൻസർ മൂൺഷോട്ട്" പങ്കാളിത്തം, "Maritime Initiative for Training in the Indo-Pacific" - മൈത്രി, "ക്വാഡ്-അറ്റ്-സീ ഷിപ്പ് ഒബ്സർവർ മിഷൻ, തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ക്വാഡ് പോർട്സ് ഓഫ് ദി ഫ്യൂച്ചർ, ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം മുതലായവ ഇതിൽ ഉൾപ്പെടുന്നു. ക്വാഡ് അജണ്ട മുന്നോട്ട് കൊണ്ടുപോകാൻ, ക്വാഡ് നേതാക്കൾ ക്വാഡ് വിൽമിംഗ്ടൺ പ്രഖ്യാപനം അംഗീകരിച്ചു.

****************************************

HEADLINE-2

## PIYUSH GOYAL-EAST ASIA SUMMIT

2027 ഓടെ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറാനുള്ള യാത്രയിലാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയുഷ് ഗോയൽ. ലാവോസിൽ 12 ആമത് ഈസ്റ്റ് ഏഷ്യ സാമ്പത്തിക കാര്യ മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈസ്റ്റ് ഏഷ്യ ഉച്ചകോടിയെ ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കിയ കേന്ദ്രമന്ത്രി വേർതിരിവ് ഇല്ലായ്മ, സമഗ്രത തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായി, ആഗോള വ്യാപാര സംഘടനയുടെ സുതാര്യമായ നവീകരണത്തിന് ഇന്ത്യ നടത്തുന്ന ശ്രമങ്ങളും ചൂണ്ടിക്കാട്ടി. ലാവോസിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

****************************************

**G20 - MINISTERIAL MEETING**

ആഗോള തലത്തിലെ മികച്ച മാതൃകകകൾ സമ്പാദിക്കാനുള്ള രാജ്യത്തെ പ്രത്യേക ഡാഷ്ബോർഡ് സംവിധാനത്തിന് ബ്രസീലിൽ നടന്ന ജി 20 മന്ത്രിതല യോഗത്തിൽ വലിയ പിന്തുണയും പ്രശംസയും ലഭിച്ചതായി കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ്ശെഖാവത്ത്. ഹരിത ടൂറിസം എന്ന അജണ്ടയ്ക്കായി കൂടുതൽ മികച്ച ശ്രമങ്ങൾ നടത്താൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. സുസ്ഥിര വിനോദസഞ്ചാരത്തിനായുള്ള അഞ്ചു പ്രധാന മേഖലകളും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മറ്റു രാജ്യങ്ങളിലെ മന്ത്രിമാരുമായി അദ്ദേഹം കൂടിക്കാഴ്ചയും നടത്തി.

****************************************

**HEADLINE-5**

**DELHI-PORTFOLIO ALLOCATION**

പുതിയതായി സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റ മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകി ഡൽഹി മുഖ്യമന്ത്രി അതിഷി. പുതിയ മന്ത്രിസഭയിൽ മുഖ്യമന്ത്രി ഉൾപ്പെടെ അഞ്ചു മന്ത്രിമാരാണ് ഉള്ളത്. വിദ്യാഭ്യാസം, ഊർജം, ധനകാര്യം തുടങ്ങി 13 വകുപ്പുകളുടെ ചുമതല മുഖ്യമന്ത്രിക്കാണ്. ആരോഗ്യം, നഗരവികസനം, സാമൂഹിക ക്ഷേമം എന്നിവയുടെ ചുമതല സൗരഭ് ഭരദ്വാജ് വഹിക്കും. വകുപ്പ് വിഭജനം സംബന്ധിച്ച ശിപാർശ അനുമതിയ്ക്കായി ഡൽഹി ലെഫ്റ്റനന്റ് ഗവർണർക്ക് മുഖ്യമന്ത്രി ലഭ്യമാക്കിയിട്ടുണ്ട്.

****************************************

## HEADLINE-3
## TOBACCO

യുവാക്കൾക്കിടയിൽ പുകയില ഉപയോഗം തടയാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി കേന്ദ്രം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും ആരോഗ്യ മന്ത്രാലയവും സംയുക്തമായാണ് ചീഫ് സെക്രട്ടറിമാർക്ക് പുകയില രഹിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങളും മാനുവലും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദേശം നൽകിയത്.

****************************************

## HEADLINE-4
## GeM - TRANSACTION CHARGES (INTRO)

കേന്ദ്ര സർക്കാരിന്റെ e Market പോർട്ടലായ GeM ൽ വില്പനക്കാർക്കും സേവന ദാതാക്കൾക്കും ഏർപ്പെടുത്തിയിരുന്ന ട്രാൻസാക്ഷൻ ഫീയിൽ ഇളവ് വരുത്തി. കേന്ദ്ര സർക്കാരിന്റെ നൂറു ദിന കർമ്മപദ്ധതിയുടെ ഭാഗമായാണ് ഈ നടപടി.

**കൂടുതൽ വിവരങ്ങളിലേക്ക്...**

(വോയിസ്)

*രാജ്യത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നത് ലക്ഷ്യമിട്ടാണ് നടപടി. പത്തുലക്ഷം രൂപ വരെ വരുന്ന ഇടപാടുകൾക്ക് ഇനി ട്രാൻസാക്ഷൻ ഫീ ഉണ്ടായിരിക്കുകയില്ല. മുൻപ് ഇതിൻറെ പരിധി അഞ്ചു ലക്ഷമായിരുന്നു. പത്തു ലക്ഷം മുതൽ പത്ത് കോടി വരെ മൊത്തം ഇടപാട് മൂല്യത്തിൻറെ 0.3 ശതമാനം മാത്രമായിരിക്കും ഈടാക്കുക. പത്ത് കോടിയിലേറെ വരുന്ന ഇടപാടുകൾക്ക് മൂന്നു ലക്ഷം രൂപ മാത്രം നൽകിയാൽ മതിയാകുമെന്ന് വാണിജ്യ-വ്യവസായ മന്ത്രാലയം അറിയിച്ചു. ഇതോടെ GeM പോർട്ടൽ വഴിയായി നടക്കുന്ന 97 ശതമാനത്തോളം ഇടപാടുകൾക്കും ട്രാൻസാക്ഷൻ ഫീ നൽകേണ്ടതില്ല എന്ന് GeM അഡീഷണൽ സിഇഒ അജിത് ചവാൻ വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

****************************************

**HEADLINE-6**

## CRICKET

ഇന്ത്യക്കെതിരെ ചെന്നൈയിൽ നടക്കുന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റ് മത്സരത്തിൽ ബംഗ്ലാദേശിന് 515 റൺസ് വിജയലക്ഷ്യം. മൂന്നാംദിനം വെളിച്ചക്കുറവ് മൂലം നേരത്തെ കളി അവസാനിപ്പിക്കുമ്പോൾ ബംഗ്ലാദേശ് നാല് വിക്കറ്റ് നഷ്ടത്തിൽ 158 റൺസ് എന്ന നിലയിലാണ്.

****************************************

## SUPER LEAGUE KERALA

മഹീന്ദ്ര സൂപ്പർ ലീഗ് കേരളയിലെ മൂന്നാം റൗണ്ടിലെ അവസാന മത്സരത്തിൽ തിരുവനന്തപുരം കൊമ്പൻസും കണ്ണൂർ വാരിയേഴ്സും ഓരോ ഗോൾ വീതം നേടി സമനിലയിൽ

പിരിഞ്ഞു. ലീഗിൽ മൂന്ന് റൗണ്ട് മത്സരം പൂർത്തിയാവുമ്പോൾ തിരുവനന്തപുരം, കണ്ണൂർ ടീമുകൾക്ക് അഞ്ച് പോയന്റ് വീതമാണ് ഉള്ളത്.

*************************************

## JHARKHAND - EC

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഝാർഖണ്ഡിലെ തയ്യാറെടുപ്പുകൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ വിലയിരുത്തും. ഇതിന്റെ ഭാഗമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ദ്വിദിന സന്ദർശനത്തിനായി റാഞ്ചിയിലെത്തും. സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, സ്റ്റേറ്റ് പോലീസ് നോഡൽ ഓഫിസർ അടക്കമുള്ളവരുമായി സംഘം ആശയവിനിമയം നടത്തും.

*************************************

## B L VARMA

ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന സ്ഥാപനമായ കോമ്പോസിറ്റ് റീജണൽ സെന്റർ കേന്ദ്ര സാമൂഹിക നീതി വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മ ഇന്ന് സന്ദർശിക്കും. ഉച്ചയ്ക്ക് ശേഷം നടക്കുന്ന സന്ദർശന പരിപാടിയിൽ ഭിന്നശേഷിക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി സംവദിക്കുന്ന മന്ത്രി ഭിന്നശേഷിക്കാർക്ക് ഉള്ള സഹായ ഉപകരണങ്ങളുടെ വിതരണവും നിർവഹിക്കും. സി.ആർ.സി യിൽ പുതിയതായി ആരംഭിക്കുന്ന കോഴ്സുകൾ, ഓഡിയോളജി ലാബ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. തുടർന്ന് 'സ്വച്ഛത ഹി സേവായുടെ ഭാഗമായി 'ഏക് പേട് മാം കാ നാം' പദ്ധതിയിലും അദ്ദേഹം പങ്കെടുക്കും.

*************************************

## BJP-CONGRESS BRIEFING

രാജ്യത്തെ വിവിധ സിഖ് സംഘടനാ-സമിതി പ്രതിനിധികൾ കേന്ദ്ര അഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായിയുമായി കൂടിക്കാഴ്ച നടത്തി. ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് എം പിയുമായ രാഹുൽ ഗാന്ധി യുഎസിൽ വച്ച് നടത്തിയ പ്രസ്താവനയുമായി ബന്ധപ്പെട്ടായിരുന്നു കൂടിക്കാഴ്ച. ബിജെപി നേതാവ് മഞ്ചിന്ദർ സിംഗ് സിർസ ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. തൻറെ പ്രസ്താവന പിൻവലിക്കാൻ രാഹുൽ ഗാന്ധി തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

****************************************

## SRI LANKA - COUNTING

പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പ് നടന്ന ശ്രീലങ്കയിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. 75 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തിയ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. അതിനിടെ മുൻകരുതൽ നടപടിയെന്ന വണ്ണം രാജ്യത്ത് ഇന്നലെ രാത്രി കർഫ്യു പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് ഫലപ്രഖ്യാപനം നടത്താൻ സാധ്യമായ ശ്രമങ്ങൾ എല്ലാം നടത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

****************************************

## M-POX - ALAPPUZHA

ആലപ്പുഴയിൽ എംപോക്സ് രോഗലക്ഷണങ്ങളോടെ വിദേശത്തുനിന്ന് എത്തിയയാൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സ തേടി. ഇദ്ദേഹത്തിന്റെ കുടുംബം ക്വാറന്റൈനിൽ കഴിയുകയാണ്. തിങ്കളാഴ്ചയോടെ പരിശോധനാഫലം പുറത്തുവന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാനാവൂ.

****************************************

## SABARIMALA

ഓണം കന്നിമാസ പൂജകൾ പൂർത്തിയാക്കി ഇന്നലെ രാത്രി ശബരിമല നടയടച്ചു. തുലാം മാസ പൂജയ്ക്കായി അടുത്തമാസം 16 ന് നട തുറക്കും.

****************************************

## PASSING OUT PARADE

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് സംയുക്ത പാസ്സിംഗ് ഔട്ട് പരേഡ് ഇന്ന് വൈകിട്ട് നടക്കും. തൃശൂർ വിയ്യൂരിലെ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും.

*

********************

************************************************************